

# ഇതളുകൾ

## എസ് എസ് ജി എച്ച് എസ് എസ്

പുറനാട്ടുകര

***2021-24***

# പത്രാധിപ സമിതി

ആൻറോസ്  സി എസ് (ചീഫ് എഡിറ്റർ )


അഞ്ജലി സി എ

ഗായത്രി എം

സേതുലക്ഷ്മി ആർ

അശ്വതി ഇ എ

ശിവാനി കെ സുനിൽ



*വ്യക്തിത്വവികാസം -സ്വാമിജിയുടെ വീക്ഷണത്തിൽ*...............7
പേ പിടിച്ച കേരളം..........10
അച്ഛൻ മകനയച്ച കത്തുകൾ..........13
തൃശ്ശൂർ പൂരം..........18
TO MY HERO..........21
എന്റെ സ്വന്തം അച്ചൂട്ടി..........22
സ്ത്രീത്വം..........25
വസന്തഗീതം..........26
എലിയുടെ സൂത്രം..........28
നരകതുല്യമാം ലോകം..........30
കടുവ..........31
അമ്മ..........33
പനിനീർ പൂവ്..........34
ഉറക്കം..........35
കേരളവും ആർഭാടജീവിതവും..........36
അമ്മ..........39
ഇരുളും വെളിച്ചവും..........40

# ആമുഖം

വിദ്യാഭ്യാസമെന്നത് ബുദ്ധിയേയും കർമ്മശക്തിയേയും വളർത്തുക എന്നു മാത്രമല്ല വിവക്ഷിക്കുന്നത്. മനുഷ്യൻെറ അന്തഃസത്തയെ വികസിപ്പിക്കുകയും ശുദ്ധമാക്കുകയും ചെയ്യുക. ചിന്തിക്കാനും ആധുനിക ജീവിതത്തിൻെറ സങ്കീർണ്ണമായ ചുമതലകളെ ഏറ്റെടുക്കാനും കഴിവുള്ളവരാക്കുക. ഇതിനെല്ലാം സാഹിത്യപഠനവും ചരിത്രപഠനവും കൂടിയേ തീരൂ. എന്നാലീ ആധുനിക യുഗത്തിൽ സാഹിത്യപഠനവും വായനയും കമ്പ്യൂട്ടറുകൾക്കും സെൽഫോണുകൾക്കും മുന്നിൽ അടിയറവു പറഞ്ഞിരിക്കുകയാണ്.

വായനയും സാഹിത്യപഠനവും സംരക്ഷിക്കാൻ ഇ വായനയെ പ്രോത്സാഹിപ്പിക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പിൻെറ ലിറ്റിൽ കൈറ്റ്സ് മാഗസിൻ എന്ന സംരഭത്തിന് കഴിഞ്ഞിട്ടുണ്ട്. ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതിയുടെ ഭാഗമായി ശ്രീ ശാരദ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ മൂന്നാമത്തെ ഡിജിറ്റൽ മാഗസിനാണ്

'ഇതളുകൾ'

# സന്ദേശം

ശാസ്ത്ര സാങ്കേതിക വിദ്യകളുടെ വിശാല ലോകത്തിലേക്കുള്ള മാനവജാതിയുടെ കുതിപ്പിന് ആക്കം കൂട്ടിക്കൊണ്ടിരിക്കുകയാണ് വിവര സാങ്കേതിക വിദ്യ. ശ്രീ ശാരദ ഗേൾസ് ഹയർസെക്കന്ററി സ്കൂളിലെ വിവര സാങ്കേതിക വിജ്ഞാന തല്പരരായ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പ്രസിദ്ധീകരിക്കുന്ന മാഗസിന് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.

നമുക്കു മുന്നിൽ പ്രകടമായി നിൽക്കുന്ന, നമ്മൾ കൂടി ഉൾക്കൊള്ളുന്ന ഈ മനോഹര പ്രപഞ്ചം എവിടെ നിന്ന് വന്നു? എവിടെ സ്ഥിതി ചെയ്യുന്നു ? നാം കണ്ടു കൊണ്ടിരിക്കുന്ന സർവ്വതും എവിടെപ്പോയ് മറഞ്ഞു കൊണ്ടിരിക്കുന്നു? അതിപുരാതന കാലത്തുണ്ടായ ഈ ചോദ്യത്തിന് നമ്മുടെ പൂർവികർ ഉത്തരം കണ്ടെത്തുകയും അതിനെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള ഒരു ജീവിതരീതിയിലൂടെ ഭാരത സംസ്കാരം രൂപം കൊള്ളുകയും ചെയ്തു. നമ്മുടെ സംസ്കാരത്തെ ഉജ്ജ്വലമാക്കാനും ദൃഢീകരിക്കാനും നാം ഓരോരുത്തരും ആ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ശ്രമിക്കേണ്ടതുമാണ്. നിങ്ങളുടെ അറിവുകളുടെ ലോകം, ആ ചിരപുരാതനവും എന്നാൽ ഓരോ മനുഷ്യനും സ്വയം ഉത്തരം കാണേണ്ടതുമായ ഈ സാർവ്വജനീന ചോദ്യത്തിന് ഉത്തരം തേടാൻ സഹായകമാകട്ടെ എന്നാശംസിച്ചു കൊണ്ട്......

സ്നേഹപൂർവ്വം
നിത്യാനന്ദപ്രാണാ മാതാജി
(സ്കൂൾ മാനേജർ)

## സന്ദേശം

നാം ജീവിക്കുന്ന ഈ ഡിജിറ്റൽ യുഗത്തിൽ
വിദ്യാഭ്യാസ മേഖലയിൽ കാലാനുസൃതമായ
മാറ്റങ്ങൾ വരേണ്ടത് വളരെ ആവശ്യമാണ് .
ആധുനിക സാങ്കേതിക വിദ്യകളിൽ
നൈപുണ്യവും വൈദഗ്ദ്ധ്യവുമുളളവരെ
കണ്ടെത്തി പരിപോഷിപ്പിക്കുന്ന ലിറ്റിൽ
കൈറ്റ്സിന്റെ ഭാഗമായി രൂപപ്പെടുത്തിയ "
ഇതളുകൾ " എന്ന 'ഇ-മാഗസിൻ' തികച്ചും
വ്യത്യസ്തമാർന്ന ഒരു പഠനാനുഭവമായി തീരട്ടെ.....
അറിവിന്റെ പടികൾ കയറുന്ന ഈ കുട്ടികൾക്കും
അവർക്ക് കൈത്താങ്ങായ അധ്യപകർക്കും
എല്ലാവിധ പ്രചോദനവും സ്നേഹവും....
ബൗദ്ധികതയുടെയും സർഗാത്മകതയുടെയും
സമന്വയമായ ഈ സംരംഭത്തിന് എല്ലാവിധ
അഭിനന്ദനങ്ങളും....
മൂല്യബോധവും കൂട്ടായ്മയും ഉയർന്ന
ജീവിതവീക്ഷണവുമുള്ള ഒരു പുതുതലമുറയായി
തീരട്ടെ എന്നാശംസിച്ചുകൊണ്ട്
സ്നേഹത്തോടെ .....

സുമ എൻ കെ

(പ്രധാന അദ്ധ്യാപിക)

# വ്യക്തിത്വവികാസം -സ്വാമിജിയുടെ വീക്ഷണത്തിൽ



തങ്ങളുടെ വ്യക്തിത്വം വികസിപ്പിക്കുകയെന്നത് ഓരോ വ്യക്തിക്കും ഒരു വെല്ലുവിളിയും അതേ സമയം പ്രയോജനകരവുമായ പ്രവൃത്തിയുമാണ്. ഈ പ്രവൃത്തി വെല്ലുവിളിയാകുന്നത് എന്തുകൊണ്ടെന്നാൽ അതിന് കഠിനവും ക്രമവുമായ പ്രവൃത്തിയും സ്ഥിരപരിശ്രമവും അതീവശ്രദ്ധയും ആവശ്യമാണ്.
ഇത് പ്രയോജനവും എന്ന് പറയാൻ കാരണം ഏതു പ്രവൃത്തിമേഖലയിലും വിജയിക്കാൻ വ്യകതിത്വവികസനം ആവശ്യമാണ്, മാത്രമല്ല,ഈ ലക്ഷ്യം വെച്ചുള്ള ഒരു പ്രവൃത്തിയും വെറുതെയാകുന്നില്ല .

സ്വാമിവിവേകാനന്ദന്റെ എഴുത്തുകളിലും പ്രഭാഷണങ്ങളിലും ധാരാളം ആശയങ്ങൾ ഉൾക്കൊള്ളുന്നു. തങ്ങളുടെ വ്യക്തിത്വ വികസനം ആഗ്രഹിക്കുന്നവർക്ക്, പ്രത്യേകിച്ച് യുവജനങ്ങൾക്ക് സ്വാമിജിയുടെ ആശയങ്ങൾ ആദർശമാക്കുന്നതാണ് ഏറ്റവും ഉത്തമമായ മാർഗം.

നമ്മുടെ ഒരോ പ്രവൃത്തിയും വിചാരവും മനസ്സിൽ ഒരു മുദ്ര പതിപ്പിക്കുന്നു. ഈ മുദ്രകളുടെയെല്ലാം ആകെ തുകയാണ് സ്വഭാവത്തെ നിർണ്ണയിക്കുന്നത്. നമ്മുടെ ഇപ്പോഴത്തെ ചിന്തകളും പ്രവൃത്തികളും നമ്മുടെ ഭാവികാലം രൂപപ്പെടുത്തും. വ്യക്തിത്വ വികസനത്തെ സ്വാധനിക്കുന്ന പ്രധാന തത്വം ഇതാണ്. സ്വാമിജി പറയുന്നത് ഒരോ ജീവനിലും ദിവ്യത്വം കുടികൊള്ളുന്നു. ഈ അന്തർലീനമായ ദിവ്യത്വത്തെ പ്രകാശിപ്പിക്കുകയാണ് മനുഷ്യജിവിതത്തിന്റെ ലക്ഷ്യം. ബാഹ്യവും ആന്തരികവുമായ പ്രകൃതിയെ നിയന്ത്രിക്കുന്ന മാർഗ്ഗവും. മനുഷ്യനിലുള്ള ഈശ്വരീയതയുടെ പ്രകാശമാണ് പരിഷ്കാരം. ഈ ദിവ്യത്വം എത്രത്തോളം വെളിപ്പെടുന്നവോ അത്രത്തോളം നാം സ്ഥായിയായി സുഖവും പരമമായ ജ്ഞാനവും അനുഭവിക്കുന്നു.

വ്യക്തിത്വ വികസനത്തിന് ഒഴിച്ചുകൂടാനാവാത്ത ചില ഘടകങ്ങളെക്കുറിച്ച് സ്വാമിജി പറയുന്നു. ആദ്യമായി നമുക്ക് വേണ്ടത് തന്നിൽതന്നെയുള്ള വിശ്വാസമാണ്. തന്റെ യഥാർത്ഥ സത്ത ശരീരമോ മനസ്സോ ബുദ്ധിയോ അല്ല, മറിച്ച് ആത്മാവാണ് എന്ന് തിരിച്ചറിയുക. ഈശ്വരചൈതന്യമാകുന്ന അനന്ത സാഗരത്തിലെ തിരമാലകളാണ് നാം ഒരോരുത്തരും. അതുകൊണ്ടുതന്നെ നമുക്ക് ഒന്നിനോടും ഭയം വേണ്ട, ദൗർബല്യങ്ങളും വേണ്ട. ദൗർബല്യം മരണമാണ് ബലമാണ്

ജീവിതം. അതിനാൽ രണ്ടാമതായി സ്വാമിജി പറയുന്നത് നിർഭയത്വമാണ് നിങ്ങൾ എത്ര തവണ പരാജയപ്പെട്ടാലും ഭയം വെടിയുക. ധീരമായി മുന്നോട്ടുപോവുക. മനുഷ്യൻ സ്വയം അവന്റെ വിധിവിധാതാവാണെന്ന് സ്വാമി പറയുന്നു. അവനവനിൽ വിശ്വാസമില്ലാത്തവന് ഒരിക്കലും ഈശ്വരവിശ്വാസവും ഉണ്ടാകില്ല. അടുത്തതായി നിസ്വാർഥ സേവനത്തെയാണ് സ്വഭാവ വികസനത്തിനുള്ള പരമമായ മാർഗ്ഗമായി സ്വാമിജി കണ്ടത്. നിസ്വാർത്ഥ സേവനവും ഫലേച്ഛ കൂടാതെയുള്ള സേവനവുമാണ് ഭാരതത്തിന്റെ രണ്ട് ആദർശങ്ങളായി സ്വാമിജി കണ്ടത്. അതുകൊണ്ട് നിരന്തരം നന്മ ചെയ്യുക, പരിശുദ്ധ ഭാവന ശീലിക്കുക. പക്ഷേ നമ്മുടെ ശ്രദ്ധ ഫലത്തിലാകരുത്. വിദ്യ,ബുദ്ധി,ധനം,ബലം,വീര്യം എന്തൊക്കെ നമുക്ക് പ്രകൃതി തന്നിട്ടുണ്ടോ അതെല്ലാം മറ്റുള്ളവർക്കായി വിനിയോഗിക്കുക. ജിവിതം വികാസമാണ് സങ്കോചം മരണവും എത്ര നിസ്സാരകാര്യവും വേണ്ടപോലെ ചെയ്താൽ അത്ഭുതഫലങ്ങൾ ഉളവാകും.

-

അനശ്രീ അനിൽകുമാർ

§

# പേ പിടിച്ച കേരളം

സാമൂഹികമാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്ന വാർത്തയേക്കാൾ ഭീകരമാണ് ഇപ്പോൾ കേരളത്തിൽ പകർന്നുകൊണ്ടിരിക്കുന്ന പട്ടികടി. ഇതിനു കാരണം തന്നെ മനുഷ്യർ ആണ്. പൊതുസ്ഥലത്ത് വലിച്ചെറിയുന്ന മാലിന്യങ്ങൾ, മനുഷ്യർ പട്ടികളോടു കാണിക്കുന്ന പെരുമാറ്റം ഇവയെല്ലാം അതിനു കാരണമാകുന്നു. പൊതുസ്ഥലത്ത് കു ന്നു കൂടികിടക്കുന്ന മാലിന്യങ്ങൾ പെറുക്കിയെടുക്കാതെ അത് കഴിക്കാൻ വേണ്ടിയാണ് തെരുവുനായ്ക്കൾ പലസ്ഥലത്തുനിന്നും കൂട്ടംകൂടി വരുന്നത്. തെരുവു നായ്ക്കൾക്ക് വാക്സിൻ എടുക്കുന്ന പുതിയ നിയമം കൊണ്ടുവന്നത് തന്നെ. ഭൂരിഭാഗം മനു ഷ്യർക്കും പട്ടികടിയേറ്റിട്ടാണ് കേരളത്തിൽ ഭൂരിഭാഗം ആളുകൾക്കും ഈ അവസ്ഥ ഉണ്ടാവാൻ കാരണം ഇതേ മനുഷ്യരും സർക്കാരുമാണ്. തെരുവുനായ കടി കേരളത്തിൽ രൂക്ഷമായെന്ന് അറിഞ്ഞിട്ടും വേണ്ടനടപടി എടുക്കാതെ പ്രശ്നം വഷളാക്കി ആളുകൾ എല്ലാം പരിക്കേറ്റ് മരിച്ചുവീണിട്ടാണ് സർക്കാർ ഇതിന് വാക്സിൻ എടുക്കാൻ ഉള്ള നടപടി എടുക്കുന്നത്. ഇപ്പോൾ അംഗനവാടികൾ ഉൾപ്പെടെ ഉള്ള എല്ലായിടത്തും വാക്സിൻ നിർബന്ധമാക്കിയതിനെ തുടർന്നാണ് തെരുവുനായകടിയുടെ ഭീകരത കു റഞ്ഞത്. കുടുംബശ്രീ യൂണിറ്റുകളിലെ അംഗങ്ങൾക്ക് വാക്സിൻ എങ്ങനെ എടുക്കാം എന്നും പറഞ്ഞു കൊടുക്കുന്നുണ്ട്.

കോവിഡ് മഹാമാരിയ്ക്കു ശേഷം കേരളത്തിനെ വീണ്ടും പിടിച്ചുകുലുക്കിയ ഒന്നാണ് തെരുവുനായകടി. പൊതുസ്ഥലത്തെ വലിച്ചെറിയുന്ന മാലിന്യങ്ങൾ ശരിയായ സ്ഥലത്ത് നിക്ഷേപിക്കണം. അങ്ങനെ ചെയ്യാത്തവരുടെ പേരിൽ കർശനമായ നടപടി എടുക്കേണ്ടതും സർക്കാരിന്റെ ഉത്തരവാദിത്വമാണ്. അതുപോലെ വാക്സിൻ എല്ലായിടത്തും ഉറപ്പുവരുത്തേണ്ടതുമാണ്. കുറച്ചുനാളുകൾക്ക് മുമ്പ് വരെ തെരുവുനായകടി കേരളത്തിൽ രൂക്ഷമായി നായ്ക്കൾ കൂട്ടം കൂടി വന്നാണ് ആളുകളെ കടിക്കുന്നത്. കുറേ അധികം ആളുകൾക്ക് പരിക്കേൽക്കുകയും മരിക്കുകയും ചെയ്യുന്നുണ്ട്. സർക്കാർ ഇതിനെതിരെ വേണ്ടത്ര നടപടി എടുക്കാത്തതിനാലാണ് ഈ പ്രശ്നം രൂക്ഷമാകാൻ ഇടയായത്. ഹോസ്പിറ്റലുകളിലും, അംഗനവാടികളിലും, കുടുംബശ്രീ യൂണിറ്റുകളിലും ഇപ്പോൾ വാക്സിൻ ലഭ്യമാണ്. അതുകൊണ്ടുതന്നെയാണ് തെരുവുനായക്കടിയുടെ ഭീകരത കുറഞ്ഞുവന്നത്.

കോവിഡും, പ്രളയവും അതിജീവിച്ച കേരളത്തിന് ഇതും അതിജീവിക്കാൻ കഴിയുമെന്ന വിശ്വാസത്തിലാണ് മനുഷ്യർ. സമൂഹമാധ്യമങ്ങളിൽ തെരുവുനായകടിയുടെ പേരിൽ ഇറങ്ങുന്ന വ്യാജപ്രചരണങ്ങൾ ആളുകളുടെ ഉള്ളിൽ ഭയം ഉണ്ടാകുകയും ഇതേ തുടർന്ന് അവയെ കാണുമ്പോൾ ഓടുക, കല്ല് എടുത്ത് എറിയുക ഇവയൊക്കെ നായകളെ പ്രലോഭിക്കുകയാണ്. ഈ വിഷയത്തിൽ നായകളെ മാത്രം കുറ്റം പറയാൻ ആവില്ല. നമ്മൾ മനുഷ്യരും ഇതിനു കാരണക്കാർ ആണ്. അവയെ കാണുമ്പോൾ കല്ല് എടുത്ത് എറിയുന്ന പ്രവണത ഇപ്പോഴും മനുഷ്യരുടെ ഇടയിൽ നിന്ന് കുറയുന്നില്ല. ഇതിനു എതിരെ ശക്തമായ നടപടി എടുക്കാൻ കഴിയാത്തതിൽ ആണ് പ്രശ്നം ഇത്രയും രൂക്ഷമായത്. ഒന്നും മിണ്ടാതെ കണ്ണടച്ച് ഇരിക്കുന്ന സാർക്കാരിനെ ഉണർത്തിയത് ഒന്നിലധികം പേർ ഇതുമൂലം മരിച്ചുവീണപ്പോഴാണ് മാധ്യമങ്ങളിൽ പടർത്തുന്ന വ്യാജപ്രചാരണങ്ങളും ഇതിനെ ബാധിക്കുന്നുണ്ട്. തെരുവുനായ്ക്കൾക്ക് വാക്സിൻ കൊടുക്കുകയും അവയെ നന്നായി ശുശ്രൂക്ഷിക്കാൻ കഴിഞ്ഞാൽ തീരാവുന്ന പ്രശ്നങ്ങളാണ് ഇവയെല്ലാം. ഈ തെരുവുനായ്ക്കളെ ശുശ്രൂക്ഷിക്കുകയും അവർക്ക് വേണ്ട നല്ല ഭക്ഷണവും, വാക്സിനും നൽകിയാൽ ഈ പ്രശ്നത്തിന് ഒരു പരിഹാരം ആണ്. പക്ഷെ ഇത് എല്ലായിടത്തും ഒരുപോലെ നടപടി എടുക്കുവാനും ആളുകൾ തയ്യാറല്ല എന്ന പ്രശ്നവും നിലനിൽക്കുന്നുണ്ട്. പ്രളയം വന്നപ്പോൾ മനുഷ്യരുടെ ഇടയിൽ കാണിച്ച ഒത്തൊരുമ ഈ വിഷയത്തിലും ആളുകളുടെ ഭാഗത്ത് നിന്ന് ഉണ്ടാവണം എന്ന പ്രചരണവും നടക്കുന്നുണ്ട്. അതിനോട് വ്യക്തമായി ഞാൻ യോജിക്കുന്നുണ്ട്. പ്രളയസമയത്ത് എല്ലാവരും കാണിച്ച ആ ഐക്യം ഈ വിഷയത്തിൽ ആളുകളുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. അതിനുകാരണം തന്നെ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകളാണ്. ഈ ആളുകളെ ഭയപ്പെടുത്തുകയും തെരുവുനായകളെ കല്ല് എടുത്തു എറിയുവാനും പ്രേരിപ്പിക്കുന്നു. അവയെ കാണുമ്പോൾ മനുഷ്യർ ചെയ്യുന്ന ഓരോ പ്രവർത്തിമൂലമാണ് അവയുടെ ആക്രമണം ഉണ്ടാകുന്നത്. ഇതിൽ മുഴുവൻ കാരണവും മനുഷ്യരുടേതാണെന്ന് പറയാൻ കഴിയില്ല പക്ഷെ ഭൂരിഭാഗം നമ്മൾ മനുഷ്യരുടെ പ്രവർത്തിമൂലമാണ്. കൃത്യമായ വാക്സിൻ ലഭിക്കാത്ത നായ്ക്കളും ഇപ്പോഴും കേരളത്തിൽ ഉണ്ട്. അവയെ കണ്ട്പിടിച്ച് വാക്സിൻ നൽകണം എന്ന ഉത്തരവാദിത്വം സർക്കാരിന്റേതാണ്. ഇവയൊന്നും ചെയ്തില്ലെങ്കിൽ ഈ പ്രശ്നം വീണ്ടും രൂക്ഷമാകുമെന്ന കാര്യത്തിൽ സംശയം വേണ്ട. കേരളത്തിൽ തെരുവുനായ്ക്കളുടെ എണ്ണത്തിലും വൻവർദ്ധനവാണ് ഉണ്ടായിരിക്കുന്നത്, ഇതും ആളുകളെ ഏറെ ഭയപ്പെടുത്തുന്ന ഒന്നാണ്. ഇവയെ മുഴുവൻ കണ്ടുപിടിച്ച് വാക്സിൻ നൽകുക എന്ന ഒറ്റ കാര്യം ബുദ്ധിമുട്ടാണ് എന്നാലും ഇങ്ങനെ

ചെയ്യില്ലെങ്കിലും പ്രശ്നമാണ്. കേരളത്തിന്റെ തന്നെ താളം തെറ്റിപ്പോവാൻ സാധ്യതയുണ്ട്.


ഇത്രയേറെ മഹാമാരികൾ വന്ന് കേരളം അതിനെയൊക്കെ അതിജീവിച്ചതുപോലെ ഇതിനെയും അതിജീവിക്കാൻ കഴിയും എന്ന വിശ്വാസം ആളുകൾക്ക് ഇടയിൽ ഉണ്ട്. അതുകൊണ്ടുതന്നെയാണ് ഈ പ്രശ്നത്തിനും ഒരു പരിഹാരം കണ്ടെത്താൻ കഴിഞ്ഞതും തെരുവുനായകടി കുറഞ്ഞുവന്നതും. ഇതുപോലെ ഇനിയും മഹാമാരികൾ ഉണ്ടായാലും വേണ്ട നടപടികൾ അപ്പോൾതന്നെ എടുക്കേണ്ടതും സർക്കാരിന്റെ ഉത്തരവാദിത്വമാണ്.

അക്ഷയ എം. എ

10 എ



# അച്ഛൻ മകനയച്ച കത്തുകൾ



ചി.ദേവദാസ്,

നിന്റെ കത്തുകിട്ടി. ഈ ഉപവാസത്തിൽ നിന്ന് സുരക്ഷിതനായി ഞാൻ തിരിച്ചുവരും . ഇതും കടന്നു പോകാൻ തന്നെയാണ് ഏറിയ സാധ്യത ഭ്രമണം ഇനിയും തുടരാനാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. അത് സാധ്യമാകാൻ നമുക്ക് സ്വയം പരിപോഷിപ്പിക്കേണ്ടതുണ്ട്. ഈ 21 ദിവസങ്ങളിലേക്ക് അനന്തത ചുരുണ്ടുകൂടും. ഞാൻ എന്താണ് എഴുതേണ്ടത്? എനിക്കിപ്പോൾ ചിന്തിക്കാനാവുന്നത് നിന്റെ ഹൃദയവേദനയെക്കുറിച്ചു മാത്രമാണ്. ഒടുവിൽ നീ ശാന്തത കണ്ടെത്തിയപ്പോഴായിരിക്കും എൻെറ ഈ ഉപവാസം സമാധാനക്കേടായി ഭവിച്ചത്. പക്ഷേ നീ സമചിത്തത പാലിക്കില്ലേ? ഒന്നും സംഭവിക്കാത്തപോലെ നിനക്ക് ജോലിയിൽ മുഴുകി കഴിയാൻ സാധിച്ചിരുന്നെങ്കിൽ അത് മൂന്നാമത്തെ ആഴ്ചയാകാം. ബായെ സാന്ത്വനിപ്പിക്കുക.അവൾ ഒട്ടുംതന്നെ വിഷമിക്കാതെ കുട്ടികളെ നോക്കട്ടെ.

ആശീർവാദങ്ങളോടെ

ബാപ്പു,

# 3 ഒക്ടോബർ 1936,സെഗാവ,വാർധ

## ചി.ദേവദാസ്

ബായുടെ കത്തിൽ നിൻെറ തന്നെ വിഷമങ്ങളാണ്.എനിക്ക് കാണാൻ സാധിച്ചത്.ബായുടെ വേദന എനിക്കറിയാം പക്ഷേ ഒഴിവാക്കാൻ കഴിയാത്ത ഒന്നിനെ കുറിച്ച് ഒരാൾ ചിന്തിക്കുക പോലും അരുത്. ഹരിലാലിൻെറ പതനത്തിൽ ഞാനോ ഞങ്ങളോ രക്ഷിതാക്കൾ എന്ന നിലയ്ക്ക് അറിഞ്ഞോ അറിയാതെയോ എന്തുപങ്കാണ് വഹിച്ചതെന്ന ആർക്ക് പറയാൻ സാധിക്കും? തുഖം-ഇ-തസീർ എന്ന ചൊല്ലിൽ ശാസ്ത്രത്തിൻെറ പൊരുളുണ്ട്. ഗുജറാത്തിയിലും സമാനമായൊരു പഴഞ്ചൊല്ലുണ്ട്: മരം എങ്ങനെയാണോ, അങ്ങനെയാകും ഫലം; അച്ഛൻ എങ്ങനെയാണോ അങ്ങനെയാകും മകൻ. ഈ ചിന്ത വന്നതു മുതൽ ഹരിലാലിൻെറ തെറ്റുകൾ കണ്ടുപിടിക്കാൻ ഞാൻ മുതിരാറില്ല. ഞാൻ എന്നോടുതന്നെ കോപാകുലനാകേണ്ടി വരുന്നതിൽ എന്തുകാര്യം? ഞാൻ പണ്ട് എത്രത്തോളം ആസക്തിയുള്ളവനായിരുന്നെന്ന് എനിക്കറിയാം. കൂടുതലൊന്നും മനസ്സിലാക്കാൻ കഴിയുന്നില്ല. ദൈവത്തിൻെറ ഇച്ഛ ആഴത്തിലറിയാൻ ആരെക്കൊണ്ടാകും? ഉദാഹരണങ്ങളിൽ നിന്ന് പൊതുതത്ത്വങ്ങളുണ്ടാക്കാനെ സാധിക്കൂ; അത് എന്തിനെ കുറിച്ചാണെങ്കിലും ബായുടെ കത്തിനുകിട്ടുന്ന മറുപടി പരസ്യമായോ കാര്യമായോ എന്നെ അറിയിക്കൂ. നിനക്ക് എങ്ങനെയുണ്ട്? നീ മെച്ചപ്പെടുന്നില്ലേ? ലക്ഷമിക്ക് സുഖമല്ലേ ബാ സന്തോഷവതിയാണോ? അതോ അവർ ദു:ഖിച്ചിരിക്കുകയാണോ? മനുദിക്ക് എങ്ങനെയുണ്ട്. കാന്തി പഠനത്തിൽ മുഴുകിയിരിക്കുകയാണ്.

ആശീർവാദങ്ങളോടെ

ബാപ്പു

## കേപ്ടൗൺ,

## ഫഗൻ സുഡ് 8,1970( 5 മാർച്ച് 1914 )

ചി.ദേവദാസ്

നിൻെറ കൈയക്ഷരം നന്നാക്കുക. ബായുടെ അവസ്ഥ ഈയിടെയായി വളരെ മോശമാണ്. അവളും ഞാനും കരുതുന്നത് വൈദ്യചികിത്സ മൊത്തത്തിൽ അവളെ പ്രതികൂലമായി ബാധിച്ചെന്നാണ്. അവൾതന്നെയാണ് അങ്ങനെയൊരു ചികിത്സ വേണമെന്ന് ആവശ്യപ്പെട്ടത്. രണ്ടോ മൂന്നോ ഡോസ് സ്വീകരിച്ചപ്പോഴേക്കും സ്ഥിതി ഗുരുതരമായി. ഇപ്പോളവൾക്ക് ഭക്ഷമൊന്നും കഴിക്കാനാവുന്നില്ല. ഇന്നലെ കുറച്ച് മുന്തിരി കഴിച്ചു. പക്ഷേ, അത് ശരീരത്തിൽ പിടിച്ചില്ല. അവസാനം മരണം തന്നെയാണെങ്കിലും അതിനെ ഭയക്കേണ്ടെന്ന് ഞങ്ങൾ ഇപ്പോൾ മനസ്സിനെ പാകപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് നീ വ്യാകുലപ്പെടേണ്ടതില്ല. ശരീരം,അതിന് വിധിക്കപ്പെട്ട ദിവസം കീഴടങ്ങും. പ്രതിവിധികൾ താനേ ഉണ്ടായിക്കൊള്ളും. ആത്മാവിന് മരണമില്ല. നമ്മൾ ശരീരത്തക്കുറിച്ചു മാത്രം ആശങ്കപ്പെടുന്നു. യഥാർഥത്തിൽ ആലോചന വേണ്ടത് ആത്മാവിനെക്കുറിച്ചാണ്. സത്യത്തിൽ ആത്മാവ് വിട്ടുപോയാൽ പിന്നെ ശരീരത്തെ ഒരുനിമിഷംപോലും നമ്മൾ പരിപാലിക്കുന്നില്ല. അതുകൊണ്ട് ഞാൻ നന്നായി ആലോചിച്ച്

ബായുടെ ആരോഗ്യത്തിനുവേണ്ടത് ചെയ്യുകയും ആശങ്കകൾ അവസാനിപ്പിക്കുകയും ചെയ്യൂ. നിങ്ങളെല്ലാവരും അതുതന്നെ ചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ശരീരത്തിൻെറ വിധി തിരിച്ചറിഞ്ഞുകൊണ്ട് നമ്മൾ നന്മയും നിസ്വാർഥതയും വളർത്തണം. നന്മകൊണ്ട് ഉദ്ദേശിക്കുന്നത് അഭിലാഷങ്ങളോടുള്ള ബാഹ്യമായ ഉപേക്ഷയും അലഞ്ഞുതിരിയലുമല്ല; വ്യക്തിത്വത്തിലെ ശുദ്ധിയാണ്. നിസ്വാർഥതയെന്നാൽ മ്ലാനതയല്ല. ഇന്ദ്രിയേച്ഛകളോടുള്ള പ്രതിരോധവും ലൗകികവസ്തുക്കളോടുള്ള അനാർത്തിയുമാണ്. ബാ രോഗഗ്രസ്തയായ ഈ സമയത്ത് തിരിച്ചറിയുകയാണെങ്കിൽ അതായിരിക്കും അവൾക്ക് നൽകാവുന്ന ഏറ്റവും നല്ല ആദരം.

ആശീർവാദങ്ങളോടെ

ബാപ്പു

# സത്യാഗ്രഹാശ്രമം, സബർമതി

**ചി.ദേവദാസ്,**

ഛഗൻലാൽ ഗാന്ധി കൊടുംകള്ളനായി മാറിയിരിക്കുന്നു. വർഷങ്ങളായി ചെറിയ തുകകൾ മോഷ്ടിക്കാറുണ്ട് ; പിന്നെ ബില്ലുകളിൽ തിരിമറിനടത്താൻ തുടങ്ങി.പല കുറ്റങ്ങളും അയാൾ സമ്മതിച്ചു. എന്നിട്ടിപ്പോൾ സ്വമേധയാ രാജ്കോട്ടിലേക്ക് തിരിച്ചിരിക്കയാണ് .

മോട്ടിബായ്, രാജിബെൻ,വാലിബെൻ എന്നിവർ വ്യഭിചാര ത്തിലേർപ്പെട്ടെന്ന് സംശയാതീതമായി തെളിഞ്ഞു. മൂന്നുപേരും ഇപ്പോൾ ഇവിടെയില്ല, പക്ഷെ,അവർ ചെയ്ത കുറ്റങ്ങൾ വെളിച്ചത്തു വന്നിരിക്കുന്നു ഇനിയും കൂടുതൽ ദൂഷിപ്പുകൾ പുറത്തുവന്നേക്കാം, എന്തൊക്കെയാകുമോ എന്തോ!

ദൈവം കരുതുംപോലെയാണ് നമ്മൾ ജീവിക്കുന്നത്.ഹരിലാൽ നിനക്കൊപ്പം താമസിച്ചപ്പോൾ സ്വന്തം ചിലവുകൾ വഹിച്ചോ?അവനതു ചെയ്തില്ലെങ്കിൽ ആ പണം ചോദിക്കേണ്ടത് നിന്റെ ഉത്തരവാദിത്വമാണ്. അഞ്ചിന് ഞാൻ ബോംബെ വിടും. ഇപ്പോൾ എൻെറ വിലാസം ബെസ്വാഡയാണ്. ബായുംഎനിക്കൊപ്പം വരും. ഇനിയും എന്തെങ്കിലും മറച്ചുവെക്കുകയോ മറച്ചുവെച്ചതെങ്കിലും വെളിച്ചത്തുവരുകയോ ചെയ്താൽ പിന്നെ എൻെറ അടുത്തുവരില്ലെന്നാണ് ബായുടെ വാക്ക് .

*ആശീർവാദങ്ങളോടെ,*

*ബാപ്പു*

*കടപ്പാട്*

*മാതൃഭൂമി വാരാന്തപ്പതിപ്പ്*

# തൃശ്ശൂർ പൂരം



കേരളത്തിനകത്തും പുറത്തും ഏറ്റവും ജനശ്രദ്ധയാകർഷിക്കുന്ന ഉത്സവങ്ങളിൽ ഒന്നാണ് തൃശ്ശൂർ പൂരം. കൊച്ചിരാജാവായിരുന്ന ശക്തൻ തമ്പുരാൻ തുടക്കം കുറിച്ച തൃശ്ശൂർ പൂരത്തിന് ഏകദേശം ഇരുന്നൂറ് വർഷത്തെ ചരിത്ര പാരമ്പര്യമുണ്ട്. മേടമാസത്തിലെ പൂരം നക്ഷത്രത്തിലാണ്പൂരം ആഘോഷിക്കുന്നത്.

തൃശ്ശൂർ നഗരമദ്ധ്യത്തിലുള്ള വടക്കും നാഥൻ ക്ഷേത്രത്തിലും തേക്കിൻ കാട് മൈതാനത്തിലുമാണ് പൂരത്തിൻെ ചടങ്ങുകൾ നടക്കുന്നത്. തിരുവമ്പാടി-പാറമേക്കാവ് ദേവസ്വങ്ങളാണ് പൂരത്തിൻെറ മുഖ്യ പങ്കാളികൾ.

ചെറു പൂരങ്ങളുടെ എഴുന്നള്ളിപ്പോടെയാണ് പ്രധാനദിവസത്തെ പൂരാഘോഷങ്ങൾക്ക് അരങ്ങൊരുങ്ങുന്നത്. രാവിലെ ആററയോടെ വടക്കും നാഥൻെറ മുന്നിലെത്തി വണങ്ങുന്ന കണിമംഗലം

ശാസ്താവ് പൂരത്തിൽ പങ്കെടുക്കാൻ ആദ്യം എത്തുന്നു.തുടർന്ന് മറ്റു ചെറു പൂരങ്ങൾ എത്തിത്തുടങ്ങും. കാരമുക്ക്ഭഗവതി, ചൂരക്കോട്ടുക്കാവ് ഭഗവതി, നെയ്തലക്കാവ് ഭഗവതി, ലാലൂർ ഭഗവതി, പനമുക്കുമ്പിള്ളി ശാസ്താവ്, അയന്തോൾ കാർത്ത്യായനി ഭഗവതി,ചെമ്പൂക്കാവ് ഭഗവതി എന്നീ എട്ട് ക്ഷേത്രങ്ങളാണ് ചെറുപൂരങ്ങൾ അവതരിപ്പിക്കുന്നത്.

തിരുവമ്പാടി-പാറമേക്കാവ് ഭഗവതിമാരാണ് തൃശ്ശൂർ പൂരത്തിൽ പ്രധാനമായും പങ്കെടുക്കുന്നതായി സങ്കൽപ്പിക്കുന്നത്. പൂരം ആസ്വദിക്കാൻ വിദേശികളടക്കം ധാരാളം ആളുകൾ വടക്കും നാഥൻെറ സവിധത്തിലേക്കെത്താറുണ്ട്. പൂരത്തിൻെറ പ്രധാന ചടങ്ങുകൾ എല്ലാം തന്നെ അതിമനോഹരങ്ങളാണ്.

ഇലഞ്ഞിത്തറമേളം: പാറമേക്കാവ് വിഭാഗം ആണ് ഇലഞ്ഞിത്തറമേളം അവതരിപ്പിക്കുന്നത്. ഏകദേശം രണ്ടു മണിക്കൂറോളം വരുന്ന പാണ്ടിമേളം ആണ് ഇലഞ്ഞിത്തറയിൽ അവതരിപ്പിക്കുന്നത്. പാണ്ടിമേളത്തിൽ വാദ്യകലാരഗത്തെ കുലപതികളാണ് പങ്കെടുക്കുക.

മഠത്തിൽ വരവ് : മഠത്തിൽ വരവ് പഞ്ചവാദ്യം ലോകപ്രസിദ്ധമാണ്.തിരുവമ്പാടി വിഭാഗത്തിൻെറതാണ് ഇത്. ഇതിൽ നിരവധി പഞ്ചവാദ്യ വിദഗ്ധൻമ്മാർ പങ്കെടുക്കുന്നുണ്ട്.

തെക്കോട്ടിറക്കം : ഇലഞ്ഞിത്തറ മേളത്തിന് ശേഷമാണ് തെക്കോട്ടിറക്കം.പാറമേക്കാവ്,തിരുവമ്പാടി ഭഗവതിമാർ വടക്കും നാഥക്ഷേത്രത്തിൻെറ തെക്കേഗോപുരത്തിലൂടെ തേക്കിൻക്കാട് മൈതാനത്തിലേക്ക് പ്രവേശിക്കുന്ന ചടങ്ങാണിത്.

കുടമാറ്റം : തൃശ്ശൂർ പൂരത്തിൻെറ ഏറ്റവും നയനാനന്ദകരമായ ഒരു ചടങ്ങാണ് ഇത്. ലക്ഷക്കണക്കിന് ആളുകളാണ് ഇതിന് സാക്ഷ്യം വഹിക്കാൻ എത്താറ്.മുഖാമുഖം നിൽക്കുന്ന പാറമേക്കാവ്-തിരുവമ്പാടി വിഭാഗങ്ങൾ അതിമനോഹരങ്ങളായ വർണ്ണക്കുടകൾ പരസ്പരം ഉയർത്തിക്കാണിക്കുന്നതാണ് ഇത്. വ്യത്യസ്തമായ കുടകൾ അവതരിപ്പിക്കാൻ രണ്ടു വിഭാഗങ്ങളും ശ്രമിക്കാറുണ്ട്.

വെടിക്കെട്ട് : പൂരപ്പിറ്റേന്ന് പകൽ പുലരും മുമ്പേ നടക്കുന്ന വെടിക്കെട്ടാണ് പൂരത്തിൻെറ മറ്റൊരു ആകർക്ഷണം.പൂരപ്രേമികളുടെ മനം നിറച്ച് വാനിൽ വർണ്ണ വിസ്മയം തീർക്കുന്ന ചടങ്ങാണ് ഇത്.ശബ്ദത്തോടൊപ്പം നിറങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് നടത്തുന്ന വെടിക്കെട്ട് നയനാന്ദകരമായ കാഴ്ച്ചയാണ്.

പകൽപ്പൂരം : പൂരപ്പിറ്റേന്ന് രാവിലെ എഴുന്നള്ളത്തും പാണ്ടിമേളവും ഉണ്ടാകും.നാട്ടുക്കാരുടെ പൂരം എന്നും ഇതിനെ പറയാറുണ്ട്. പാറമേക്കാവ്-തിരുവമ്പാടി വിഭാഗത്തിനു ശേഷം വെടിക്കെട്ട് നടക്കുന്നു. അതിനു ശേഷം ഇരു വിഭാഗത്തിൻെറയും ദേവിമാർ അടുത്ത വർഷം കാണാം എന്ന ഉറപ്പോടുക്കൂടി ഔപചാരികമായി വിടപറയുന്നതോട് ക്കൂടി പൂരത്തിൻെറ ചടങ്ങുകൾ സമാപിക്കുന്നു.

ശിവാനി കെ സുനിൽ
9 എ



# TO MY HERO

TO TAKE CARE OF US IS WHAT HE DO
HE IS THE ONE WHO MAKES US HAPPY AND LAWS
HE IS A SILVER STAR THAT GLOWS
OR GLISTENING OCEAN THAT FLOWS
HE IS A TREASURE
WHO GIVES US PLEASURE
DID YOU KNOWS WHO IS HIM;
TO SAY IN ONE WORLD HE IS 'GOAT'
( GREATEST OF ALL TIME)
HE IS A STAR
WHICH GLOWS SO FAR TO REACH
LIKE THE BLOSSOM OF PEACH
HE TAUGHT ME
" IT'S YOUR WILL
NOT YOUR SKILL"
THAT WE WANT FROM YOU

IN ALL THE WORD'S INSIDE ME
I WILL SAY "TO THE BEST MAN"
I KNOW
HAPPY FATHER'S DAY
"YOU'RE MY HERO "


by R.SAIGAYATHRI 9B

# എന്റെ സ്വന്തം അച്ചൂട്ടി

ദേവിപ്രിയ.കെ.പി 9 ബി

എനിക്ക് ഉണ്ടോരു അനിയത്തി
അവളുടെ പേര് അച്ചൂട്ടി.
തുള്ളിപാറി നടക്കുമവൾ
ഏങ്ങി ഏങ്ങി കരയുമവൾ.
ചേച്ചീ ചേച്ചീ എന്നു വിളിച്ച്
പുറകെ നടക്കുമവൾ .
അവൾ ചിരിക്കുമ്പോൾ ചന്ദ്രനെപോലെ
മുഖം വിളറുമ്പോൾ കാർമേഘംപോലെ
എന്നും എൻ പ്രിയങ്കരി
എൻ അനിയത്തി മാത്രം.
ചുടുനെറ്റിയിൽ മുത്തംവയ്ക്കുമ്പോൾ

കണ്ണുതുറന്നു ചിരിക്കുമവൾ.



# മിട്ടു പൂച്ച

പണ്ട് ഒരിക്കൽ ഒരു കാട്ടിൽ ഒരാള് വന്ന് അഞ്ച് പൂ
ച്ചക്കുട്ടികളെ ഉപേക്ഷിച്ച് പോയി. തന്റെ കുട്ടിക്ക്
പൂച്ചക്കുട്ടികളെ ഇഷ്ടമാണ് .പക്ഷേ ഈ പൂച്ചക്കു
ട്ടികളെ മാതാപിതാക്കൾക്ക് ഇഷ്ടമല്ലാത്തതു
കൊണ്ടാണ് അവർ  പൂച്ചക്കുട്ടികളെ കാട്ടിൽ
ഉപേക്ഷിച്ചത്. അവിടെ വന്നു പോകുന്ന
സഞ്ചാരികൾ ആ പൂച്ചക്കുട്ടികളെ ഓരോരുത്തരേയും
കൊണ്ട്പോയി. പക്ഷേ അതിലുണ്ടായിരുന്ന കറുത്ത
പൂച്ചക്കുട്ടിയെ ആരും കൊണ്ടുപോയില്ല. പക്ഷേ
അവിടെ വന്നവരിലെ ഒരു കുട്ടി ആ പൂച്ചക്കുട്ടിയെ
എടുത്തുകൊണ്ടു പോയി. പക്ഷേ ആ കുട്ടിയുടെ
അമ്മയ്ക്കും അച്ഛനും ആ  പൂച്ചക്കുട്ടിയെ
ഇഷ്ടമല്ലായിരുന്നു. ഈ കുട്ടി ആ  പൂച്ചക്കുട്ടിക്ക്
തന്റെ വിളിപേര് ഇട്ടു. മിട്ടു എന്ന് . അവന്റെ  അമ്മ
അവനെ വിളിക്കുമ്പോൾ മിട്ടു  പൂച്ചയും അവനും
ഓടിവരുമായിരുന്നു. അങ്ങനെ ഒരിക്കൽ മിട്ടുവിന്റെ

അമ്മ വീട്ടിലേക്ക്  വരുമ്പോൾ വഴിയിൽ കുറെ എലികളെ ഒന്നിച്ചു കണ്ടപ്പോൾ അമ്മയ്ക്ക് പേടിയായി . അമ്മ  മിട്ടുവിനെ വിളിച്ചു. പക്ഷേ മിട്ടു വിളികേട്ടില്ല. പകരം മിട്ടു പൂച്ചയാണ് ഓടി വന്നു. മിട്ടുപ്പൂച്ച വന്ന് അവിടെ ഉണ്ടായിരുന്ന എലികളെ എല്ലാം ഓടിച്ചു. അപ്പോൾ മുതൽ മിട്ടുവിന്റെ അമ്മയ്ക്ക് മിട്ടുപൂച്ചയെ ഇഷ്ടമായി.  അപ്പോൾ അമ്മയ്ക്ക് മനസ്സിലായി ചന്തത്തിലല്ല കാര്യം മനസ്സിലാണ് എന്ന കാര്യം.



അമൃത.പി.ആർ

8 ബി

# സ്ത്രീത്വം

ആർത്തിരമ്പും കടലിൽ ഓളം പോൽ-
പെണ്ണിൻ മനവും സംഹാരതാണ്ഡവമാടി.
പിച്ചി ചീന്തുന്ന രാക്ഷസജന്മങ്ങൾ,
വലിച്ചെറിയുന്ന അവൾ തൻ ജീവിതം.

ജ്വലിക്കും കണ്ണുകളാൽ ദഹിപ്പിക്കുന്നു-
തിന്മയാം മകുടം ചൂടിയ നരജന്മങ്ങളെ.
ആരറിവൂ ഈ ജല്പനങ്ങളും രോദനവും-
കൊട്ടിയടച്ച കാതുകൾക്കവ അരോചകമത്രേ.

ഇനിയും നൊമ്പരമേറ്റു വാങ്ങുവാൻ-
അവൾക്കാവില്ലതേതുമേ നോവിനാൽ.
തിരിച്ചറിയുന്നു കപടമുഖങ്ങൾ,
കീറി പറിക്കുന്നവർ തൻ മുഖംമൂടികൾ.

ജ്യോതിലക്ഷ്മി സി എസ്

ഇംഗ്ലീഷ് അധ്യാപിക

# വസന്തഗീതം



അസ്തമയ സൂര്യൻ തൻ ചെഞ്ചായക്കൂട്ടിൽ
നിന്നതിർന്ന ചക്രവാളത്തിൽ
മനോഹാരിതയിൽ,
മനം കുളിർന്നു പാടുകയാണോ വേഴാമ്പൽ-
തേങ്ങലിൽ സ്വരമാർന്നൊ ജതിസ്വരം.

അതിൽ മാറ്റൊലിയിൽ നടുങ്ങി
നിൽക്കുകയായ്,
രാത്രിമഴ തൻ കാഹളാരവം.
വിതുമ്പി നിൽക്കുമീ മേഘ പടലങ്ങൾ,

കേൾക്കുന്നുവോയി ദീന വിലാപം.

ചടുല താളമാർന്നോരാരവത്താൽ-
അതിൻ മാറ്റൊലി  പെയ്തുണർന്നു.
അവൾ തൻ സംഗീതധാരയാൽ,
പെയ്തൊഴിയുകയാണാ വർഷഗീതം.
കേഴുന്നുവോ ജനനിയാം ധരണിയും...,
ഇനിയുമീ നിലയ്ക്കാത്ത തേങ്ങലിൽ....!!!!

**ജ്യോതിലക്ഷ്മി.സി.എസ്**

ഇംഗ്ലീഷ് അധ്യാപിക

# എലിയുടെ സൂത്രം

പൈനാപ്പിൾ തോട്ടത്തിലായിരുന്നു തുരപ്പൻ എലിയുടെ മാളം. എലി രാത്രി വയറുനിറച്ച് പൈനാപ്പിൾ തിന്ന് പകൽ മാളത്തിൽ വിശ്രമിക്കുകയായിരുന്നു. ഈ തക്കം നോക്കി മഞ്ഞച്ചേര എലിയുടെ മാളത്തിൽ കടന്നുവന്ന് എലിയെ പിടിച്ചു. എലി ചേരയുടെ വായിൽ നിന്ന് രക്ഷപ്പെടാൻ ഒരടവ് പ്രയോഗിച്ചു. ചേരച്ചേട്ടാ,ചേരച്ചേട്ടാ എന്നെ തിന്നാൽ ചേട്ടന് എലിപ്പനി വരും. വേണമെങ്കിൽ ചേട്ടൻ എന്നെ തിന്നോ നിന്നെ തിന്നാൽ എലിപ്പനി വരുമെങ്കിൽ ഞാൻ തിന്നുന്നില്ല. എനിക്ക് തിന്നാൻ നല്ല തവളയെ കിട്ടും. ഞാൻ പോകട്ടെ.മഞ്ഞച്ചേര എലിയെ താഴെ ഇട്ടുകൊണ്ട് അതിന്റെ പാട്ടിനുപോയി. എലി മാളത്തിൽനിന്ന് ഇറങ്ങി ഓടി .ഒരു പട്ടിയുടെ മുമ്പിലാണ് ചെന്നുപെട്ടത്. പട്ടി എലിയെ പിടിക്കാൻ ഓടി അടുത്തു എലി തിരിഞ്ഞുനിന്ന് പട്ടിയോട് പറഞ്ഞു. പട്ടിച്ചേട്ടാ പട്ടിച്ചേട്ടാ എന്നെ തിന്നാൽ ചേട്ടന് എലിപ്പനി വരും. വേണമെങ്കിൽ ചേട്ടൻ എന്നെ തിന്നോ. വേണ്ട വേണ്ട നിന്നെ

ഞാൻ തിന്നില്ല. എനിക്ക് കുറച്ചു കാലം കൂടി ജീവിക്കാൻ ആഗ്രഹം ഉണ്ട്. നിന്നെ തിന്ന് രോഗിയാകാൻ എനിക്ക് വയ്യാ. ഓരോ ജീവികളും എലിയെ തിന്നാൻ വരുമ്പോൾ എലി ഈ സൂത്രം പറയും. അങ്ങനെ എലി രക്ഷപ്പെടും.

**കൃഷ്ണപ്രിയ.വി.എസ്**



# നരകതുല്യമാം ലോകം

ലോകത്തിനു ഇതു എന്തുപറ്റി
ഒരുവന്റെ ദുഃഖത്തിൽ
മറ്റൊരുവനു സന്തോഷമോ
ഒരുവന്റെ സന്തോഷത്തിൽ
മറ്റൊരുവനു ദുഃഖമോ
ഈ ലോകത്തിനു ഇതു എന്തുപറ്റി!

പരസ്പര ബഹുമാനം നഷ്ടമായോ
ഈ ഭൂമിയിലേ സ്നേഹം
കുറയുന്നുവോ
ക്രൂരത കൂടുന്നുവോ
ഈ ലോകത്തിനു ഇത് എന്തുപറ്റി!

അല്ലയോ ഭഗവാനേ,
അങ്ങ് കാണുന്നില്ലേ ,
മൃദുലമാം ലോകം നരക തുല്യമായി മാറുന്നു
ഈ ലോകത്തിൽ ജീവിതം
മരണതുല്യം!

ആര്യ പി. മനോജ് 9A

# കടുവ



ഒരിടത്ത് ഒരിടത്ത് അനു എന്ന് പേരായ ഒരു കുട്ടി ഉണ്ടായിരുന്നു. അനു ഒരു ദിവസം സ്കൂൾ വിട്ട് വരുമ്പോൾ റോഡിനരികിൽ നിന്ന് അനുവിന് ഒരു പൂച്ചക്കുട്ടിയെ കിട്ടി. അവൾ അതിനെ വീട്ടിൽ കൊണ്ടുപോയി വളർത്തി. അങ്ങനെ കുറച്ച് മാസങ്ങൾ കഴിഞ്ഞപ്പോൾ ആ പൂച്ചക്കുട്ടി വളർന്നു വലുതാവാൻ തുടങ്ങി. വലുതായി വലുതായി ഒരു പൂച്ചക്കുട്ടിയുടെ വലുപ്പം കടന്നു പോയി. ആ പൂച്ചക്കുട്ടി ഒരു കടുവയായിമാറി. നാട്ടുകാർ എല്ലാവരും ചേർന്ന് അനുവിനോട് പറഞ്ഞു ഈ കടുവക്കുട്ടിയെ കൊണ്ടുകളയാൻ അല്ലെങ്കിൽ അത് നിന്നെ തന്നെ ആക്രമിക്കും. ഇത് കേട്ടപ്പോൾ അനുവിന് പേടിതോന്നി. അനു ആ കടുവയെ അനുവിന്റെ വീട്ടിൽ

നിന്ന് ഇറക്കിവിട്ടു. ഒരു ദിവസം അനു സ്കൂൾ വിട്ട് വരുന്നവഴി അനുവിനെ ഒരു നായ ഓടിച്ചു. ആ കൃത്യസമയത്ത് അനു കളഞ്ഞ ആ കടുവക്കുട്ടി വന്ന് ആ നായയെ ഓടിച്ചു വിട്ടു. അനുവിന് മനുഷ്യനെക്കാൾ സ്നേഹമുള്ളത് മൃഗങ്ങൾക്ക് ആണെന്ന് മനസ്സിലായി. ആ സ്നേഹത്തിൽ അനു ആ കടുവയെ വീട്ടിൽ കൊണ്ടുപോയി വളർത്തി. അനുവിന്റെ ജീവിതം മനോഹരമായി. ആ കടുവ തിരിച്ചു വന്നപ്പോൾ അനുവിന് സന്തോഷമായി.

ആര്യനന്ദ. പി.എസ്

8 ബി

# അമ്മ

അമ്മയാണെൻ ആദ്യ അധ്യാപിക..
അമ്മയാണെൻ അടുത്ത കൂട്ടുകാരി..
യഥാർഥ സ്നേഹം അമ്മയുടേതാണ്...
അമ്മയുടെ അനുഗ്രഹം കൊണ്ട്
എല്ലാദിവസവും ഞാൻ സുരക്ഷിതയാണ്...
അമ്മ എല്ലായിപ്പോഴും എന്നെ പരിപാലിക്കുന്ന
സ്നേഹത്തിൻ യഥാർഥ ദേവതയാണെൻ
അമ്മ ...........



കാവ്യ പി ബി
7 ബി

# പനിനീർ പൂവ്

പൊൻപുലരിയിൽ പട്ടു ചുറ്റിയപോലെ

വിടർന്നനിൽക്കും സൗന്ദര്യം

ചുവന്നമഷിയാൽ ഉദിച്ചനിൽക്കുമെൻ

സുന്ദരിയാം ചെമ്പനീർപ്പൂ

തേൻനുകരാൻ വരു കൂട്ടുകാരെ

ചെറുചിരിയാൽ വരവേൽക്കുമവൾ

പുതുസുഗന്ധം നൽകുമവൾ

ചിരി തന്നുടെ പര്യായം

നിരഞ്ജന ഇ എസ്

9B



# ഉറക്കം

ഒരു നാട്ടിൽ മഹേഷ് എന്ന ഒരു ചെറുപ്പക്കാരൻ ഉണ്ടായിരുന്നു. അവൻ വളരെയധികം ബുദ്ധിമാനും കഠിനാധ്വാനിയുമായിരുന്നു. എല്ലാ ദിവസവും അദ്ദേഹം തന്റെ ജോലിക്കായി അതിരാവിലെ ട്രെയിൻ കയറി പോകുമായിരുന്നു. മഹേഷിന്റെ അച്ഛനും അമ്മയും അവരുടെ നാട്ടിലാണ്. അവൻ ജോലി സംബന്ധമായി മറ്റൊരിടത്ത് താമസിക്കുകയാണ്. ട്രെയിനിനു സമയമാകുന്നതിന് ഒരു മണിക്കൂർ മുൻപാണ് മഹേഷ് എഴുന്നേൽക്കാറുള്ളത്. എന്നാൽ ഒരു ദിവസം തന്റെ ജോലിത്തിരക്കു മൂലം ക്ഷീണിതനായ മഹേഷ് ഉറങ്ങിപ്പോയി. തനിക്ക് ഇന്ന് ജോലിക്ക് പോകാൻ സാധിച്ചില്ലല്ലോ എന്ന് പറഞ്ഞു മഹേഷ് ദുഃഖിതനായി. അവൻ വാർത്ത വെച്ചപ്പോൾ, അതാ ഒരു ഞെട്ടിപ്പിക്കുന്ന വാർത്ത! അവൻ പോകാറുണ്ടായിരുന്ന ട്രെയിനിൽ തീവ്രവാദികൾ ബോംബ് വെച്ചിരുന്നു. ആയിരത്തോളം മനുഷ്യർ വെന്തുരുകി. തീവ്രവാദികളെ പോലീസും സൈന്യവും വെടിവെച്ചുകൊന്നു എന്നുമായിരുന്നു വാർത്ത. ഇതറിഞ്ഞ മഹേഷ് സ്വയം പറഞ്ഞു "ഒരു ദിവസത്തെ ജോലി പോയാൽ എന്താണ് ജീവൻ തിരിച്ചു കിട്ടിയില്ലേ". താൻ ഉറങ്ങിയത് നന്നായി എന്ന് അദ്ദേഹത്തിന് തോന്നി. ഉറക്കം കൊണ്ട് ഒരാളുടെ ജീവൻ രക്ഷിക്കാനായി! ചില സമയത്ത് ഉറക്കമാണ് നല്ലത് ആപത്തിനെക്കാളും. ഉറക്കത്തെ പഠിക്കുന്നവർക്ക് ഈ കഥ ഒരു ഓർമ്മയായി നിൽക്കട്ടെ

# കേരളവും ആർഭാടജീവിതവും

കേരളീയ സമൂഹം ധൂർത്തരായി മാറിയിരിക്കുന്നു. തങ്ങളുടെ പ്രൗഢി വെളിപ്പെടുത്തുന്നതിനായി ആഡംബരത്തെ ഉപയോഗിക്കുന്നു എന്നതാണ് വാസ്തവം. കുടുംബങ്ങളിലെ ചടങ്ങുകളിൽ എത്രത്തോളം ധൂർത്ത് നിറഞ്ഞിരിക്കുന്നുവോ അത് അഭിമാനത്തിന്റെയും പ്രൗഢിയുടെയും അടയാളമായി കാണുന്നവരായി കേരളീയ സമൂഹം മാറിയിരിക്കുന്നു. നമ്മുടെ കുടുംബങ്ങളിലെ വിവാഹവും ജന്മദിനവും സൽക്കാരങ്ങളും തുടങ്ങിയവയ്ക്കായി വലിയ തോതിൽ പണം ചെലവാക്കാറുണ്ട്. സമ്പത്തിന്റെ ആധിക്യം സമൂഹത്തിന് കാണിക്കുന്നതിനായി സമ്പന്നർ ഇതിന് ഉപയോഗിക്കുന്നു. ധൂർത്ത് ആചാരങ്ങളിലും ചടങ്ങുകളിലും വർധിച്ചപ്പോഴാണ് മംഗളകർമ്മങ്ങളിൽ അമിത പണചലവ് പാടില്ലെന്ന് ശ്രീനാരായണഗുരു അഭിപ്രായപ്പെട്ടത്. ഗുരുവിന്റെ വാക്ക് ചെവി കൊള്ളാതെ കേരളീയ സമൂഹം ധൂർത്തിന് കീഴടങ്ങിയിരിക്കുന്നു എന്നത് വർത്തമാനകാല സംഭവങ്ങൾ വ്യക്തമാകുന്നു.

ഇന്ന് നമുക്ക് ചുറ്റും നടക്കുന്ന ചടങ്ങുകൾ സമ്പത്തുള്ളവർ കൂടുതൽ ആഡംബരത്തോടെ നടത്തുന്നു. കൂടുതൽ പണം ചെലവഴിച്ച് അനാരോഗ്യത്തിന് കാരണമാകുന്ന ഭക്ഷണം കഴിക്കുക എന്നത് പ്രൗഢിയായി നാം കരുതുന്നു. വലിയ പണം മുടക്കി മറ്റുള്ളവരുടെതിനേക്കാൾ മികച്ച ഭവനം നിർമ്മിക്കുന്നത് അഭിമാനമായി നാം കരുതുന്നു. വിലപിടിച്ച വസ്ത്രം ധരിക്കുന്നത് ജീവിതം നിലവാരത്തിന്റെ വർദ്ധനവിന് അടിസ്ഥാനമാണെന്ന് നാം


തെറ്റിദ്ധരിച്ചിരിക്കുന്നു. ഇങ്ങനെയുള്ള വർത്തമാനക്കാലം മുന്നോട്ടു പോകുമ്പോൾ പാവപ്പെട്ടവരും ഇത്തരം ജീവിതം നയിക്കാൻ നിർബന്ധിതരാകുന്നു.

ലളിത ജീവിതം പാലിച്ചെങ്കിലെ ആരോഗ്യകരമായി സാമൂഹിക അവസ്ഥ നിലനിൽക്കുകയുള്ളൂ. സമ്പത്തില്ലാത്തവർ സമ്പത്തുള്ള അവരോടൊപ്പം എത്താൻ ശ്രമിക്കുമ്പോൾ കൊലപാതകങ്ങളും കളവുകളും എല്ലാം വർദ്ധിക്കും. സമൂഹം അസാന്മാർഗീകതയുടെ അരങ്ങായി തീരും. അതിനാൽ ധൂർത്ത് ഉപേക്ഷിച്ച് ആഘോഷങ്ങളും ചടങ്ങുകളും എല്ലാം ലളിതമാക് മാറ്റണം. ഇല്ലെങ്കിൽ പാവപ്പെട്ടവനും ഈ ജീവിതത്തിന് കീഴടങ്ങി കഴിയേണ്ടിവരും. കേരളീയ സമൂഹം ധൂർത്തരായി മറിയിരിക്കുന്നു. തങ്ങളുടെ പ്രൗഡി വെളിപ്പെടുത്തുന്നതിനായി ആഡംബരത്തെ ഉപയോഗിക്കുന്നു എന്നതാണ് വാസ്തവം. കുടുംബങ്ങളിലെ ചടങ്ങുകളിൽ എത്രത്തോളം ധൂർത്ത് നിറഞ്ഞിരിക്കുന്നുവോ അത് അഭിമാനത്തിന്റെയും പ്രൗഢിയുടെയും അടയാളമായി കാണുന്നവരായി കേരളീയ സമൂഹം മാറിയിരിക്കുന്നു. നമ്മുടെ കുടുംബങ്ങളിലെ വിവാഹവും ജന്മദിനവും സൽക്കാരങ്ങളും തുടങ്ങിയവയ്ക്കായി വലിയ തോതിൽ പണം ചെലവാക്കാറുണ്ട്. സമ്പത്തിന്റെ ആധിക്യം സമൂഹത്തിന് കാണിക്കുന്നതിനായി സമ്പന്നർ ഇതിന് ഉപയോഗിക്കുന്നു.ധൂർത്ത് ആചാരങ്ങളിലും ചടങ്ങുകളിലും വർധിച്ചപ്പോഴാണ് മംഗളകർമ്മങ്ങളിൽ അമിത പണചലവ് പാടില്ലെന്ന് ശ്രീനാരായണഗുരു അഭിപ്രായപ്പെട്ടത്. ഗുരുവിന്റെ വാക്ക് ചെവി കൊള്ളാതെ കേരളീയ സമൂഹം ധൂർത്തിന് കീഴടങ്ങിയിരിക്കുന്നു എന്നത് വർത്തമാനകാല സംഭവങ്ങൾ വ്യക്തമാക്കുന്നു.

സമ്പത്തുള്ള അവരോടൊപ്പം എത്താൻ ശ്രമിക്കുമ്പോൾ കൊലപാതകങ്ങളും കളവുകളും എല്ലാം വർദ്ധിക്കും. സമൂഹം അസാന്മാർഗീകതയുടെ അരങ്ങായി തീരും. അതിനാൽ ധൂർത്ത് ഉപേക്ഷിച്ച് ആഘോഷങ്ങളും ചടങ്ങുകളും എല്ലാം ലളിതമാക്കി മാറ്റണം. ഇല്ലെങ്കിൽ പാവപ്പെട്ടവനും ഈ ജീവിതത്തിന് കീഴടങ്ങികഴിയേണ്ടിവരും. ഇത് ഇവരേ കടയ്ക്കെണിയിലും ആത്മഹത്യയിലേക്കും നയിക്കും. അതിനാൽ സമൂഹത്തിൽ ധൂർത്ത് ഉപേക്ഷിച്ച് ലളിത ജീവിതം നയിക്കേണ്ടതിന് പ്രാധാന്യം കൊടുക്കണം

ദിൽഷ രജീഷ്

10A



# അമ്മ

തണലായ എൻ അമ്മ
എനിക്കായ പാടുന്ന ഇവിടെ.

വാടിതിൽക്കും എന്നെ ഉണർത്തി
നിർത്തും എൻ അമ്മ...(2)

മുറ്റത്തെ പൂവായി അമ്മ വിടർന്നു.
വാതിൽ തുറന്നാൽ വിളക്കുപോൽ
തിളങ്ങി നിൽക്കും എൻ അമ്മ...(2)

കൂടെ കളിക്കാൻ എൻ അമ്മ...(2)
കൂട്ടുകാരിയായ് എൻ അമ്മ...(2)

ഈ ജന്മം മാത്രമായ് എൻ അമ്മ.
ഒരുപൈതലായ് പറന്നു അമ്മ....(2)

തണലാണെൻ അമ്മ...(2)



സാന്ദ്ര പി. എസ്
**6 എ**

# ഇരുളും വെളിച്ചവും

ഇരുളും  വെളിച്ചവും
ഇരു വശങ്ങളെന്നപ്പോലെ
ദുഃഖവും സന്തോഷവും

ഏവരും വെളിച്ചത്തിലേക്ക്
ഏവർക്കും വെളിച്ചം ലക്ഷ്യം
ഇരുൾ ഏവർക്കും ഭയം
ചതിയും വഞ്ചനയും നഷ്ടങ്ങളും
കൊണ്ടു പണിത കാരണത്താൽ

ജീവിതമാം പാത കഠിനകരം
ലക്ഷ്യത്തിൽ എത്തുക പ്രയാസവും
മനോധൈര്യമുള്ളവർക്ക് വെളിച്ചവും
അല്ലാത്തവർക്ക് ഇരുളും
ചിന്തിക്കുക മാത്രം പ്രവർത്തിക്കുക പ്രയാസം

നരന്റെ മനസ്സ്
അഗ്നിചിറകു പോലെയായിരിക്കണം
അഗ്നിയെ പോലെ മനസ്സിലെ
ദുഃഖം തള്ളി
ചിറകുകൾ കൊണ്ട് ഉയരങ്ങളിലേക്ക്..

**ആര്യ പി .മനോജ്   9 A**



സത്യം, പരിശുദ്ധി, നിസ്വാർത്ഥത – ഇവ ആർക്കുണ്ടോ അയാളെ കീഴ്പ്പെടുത്താൻ ഈ പ്രപഞ്ചത്തിൽ ഒരു ശക്തിക്കും കഴിവില്ല. അയാൾക്ക് ലോകത്തെ മുഴുവൻ ഒറ്റയ്ക്കു നേരിടാൻ കഴിയും.

ഉത്തിഷ്ഠത! ജാഗ്രത! പ്രാപ്യവരാൻ നിബോധത